പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2021-ലെ കേരള കണ്ടൽവനം സംരക്ഷണ-വികസന ബിൽ

(ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 21

## 2021-ലെ കേരള കണ്ടൽവനം സംരക്ഷണ-വികസന ബിൽ

(ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ. നോട്ടീസ് നൽകിയത്)





പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 21

## 2021-ലെ കേരള കണ്ടൽവനം സംരക്ഷണ-വികസന ബിൽ

(ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ പുഴകളും കടലും ചേരുന്ന അഴിമുഖങ്ങളിലും നദീതീരങ്ങളിലും ലവണാംശമുള്ള ചതുപ്പ് പ്രദേശങ്ങളിലും ജലസ്രോതസ്സുകളോട് ചേർന്നും കാണപ്പെടുന്നതും പ്രകൃതിക്ഷോഭത്തെയും ആഗോളതാപനത്തെയും തടയുന്നതും ജീവികളുടെ ആവാസകേന്ദ്രവുമായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരളത്തിലെ 7500 കിലോമീറ്റർ തീരപ്രദേശങ്ങളിലായി 4200 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന കണ്ടൽക്കാടുകൾ പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനും ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനും സുനാമി പോലുള്ള കടൽക്ഷോഭങ്ങളിൽനിന്നും കരയെ സംരക്ഷിച്ച് ഒരു കോട്ടപോലെ നിലയുറപ്പിച്ചിട്ടുള്ളതുമായ, ഭൂമിയിലെ പോഷകവസ്തുക്കളുടെ കലവറയും അപൂർവ്വ ജൈവവൈവിദ്ധ്യങ്ങൾ ഉൾപ്പെടുന്ന ആവാസവ്യവസ്ഥകളിലൊന്നുമായ കണ്ടൽക്കാടുകളുടെ അനിയന്ത്രിതമായ നശീകരണം തടഞ്ഞ് അവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഒരു നിയമം ഉറപ്പുവരുത്തേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കണ്ടൽവനം സംരക്ഷണ-വികസന ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ''കണ്ടൽവനം'' എന്നാൽ കേരള സംസ്ഥാനത്ത് കടലും കായലുകളും ചേരുന്ന അഴിമുഖതീരങ്ങളിലും ലവണജലാംശമുള്ള ചതുപ്പുപ്രദേശങ്ങളിലും പുഴയോരങ്ങളിലും ചെറു ജലാശയങ്ങളിലും പച്ചപുതച്ചുനിൽക്കുന്നതും 12 സസ്യകുടുംബങ്ങളിലായി ''17'' സസ്യവർഗ്ഗങ്ങളുള്ളതുമായി കാണപ്പെട്ട കണ്ടൽജാതി ചെടികൾ ഇടതൂർന്നു വളരുന്ന ''കണ്ടൽവനം'' എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) ''ബോർഡ്'' എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കണ്ടൽവനം സംരക്ഷണ-വികസന ബോർഡ് എന്നർത്ഥമാകുന്നു;

(ഡി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. കണ്ടൽവനം സംരക്ഷണ-വികസന ബോർഡ് രൂപീകരണം.—സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി നിർദ്ദേശിക്കുന്ന തീയതിമുതൽ പ്രാബല്യത്തോടുകൂടി കണ്ടൽവനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും കേരള കണ്ടൽവനം സംരക്ഷണ-വികസന ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

4. ബോർഡിന്റെ ആസ്ഥാനവും അധികാരങ്ങളും.—(1) ബോർഡ് ഗസറ്റ് വിജ്ഞാപനത്തിലൂടെ 11 അംഗ ഭരണസമിതിയെ നിയമിക്കേണ്ടതും അതിൽ നിർബന്ധമായും മൂന്ന് നിയമസഭാ സാമാജികരും ഒരു പരിസ്ഥിതി പ്രവർത്തകയോ/പ്രവർത്തകനോ ബാക്കി സർക്കാർ നിർദ്ദേശിക്കുന്ന താഴെപ്പറയുന്ന അംഗങ്ങളും ആയിരിക്കേണ്ടതുമാണ്.

(2) ബോർഡിലെ അംഗങ്ങൾ:

(എ) സംസ്ഥാന വനം വകുപ്പ് ഡയറക്ടർ;

(ബി) സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് ഡയറക്ടർ;

(സി) സംസ്ഥാന റവന്യൂ വകുപ്പ് ഡയറക്ടർ;

(ഡി) സംസ്ഥാന ഫിഷറീസ് വകുപ്പ് ഡയറക്ടർ;

(ഇ) സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ;

(എഫ്) സംസ്ഥാന ധനകാര്യ നിയമ വകുപ്പുകളിൽനിന്നും ഓരോ ഉദ്യോഗസ്ഥൻമാർ.



(3) ബോർഡിലെ അംഗങ്ങളിൽനിന്നും ഒരാളെ സർക്കാർ ചെയർമാനായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ആക്റ്റിൽ നിർദ്ദേശിക്കുന്ന രീതിയിൽ അതിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെപ്പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ്:

(എ) സംസ്ഥാനത്തിലെ കണ്ടൽവനങ്ങളുടെ വിസ്തൃതി സംബന്ധിച്ച് സാറ്റലൈറ്റ് അടക്കമുള്ള അത്യാധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് പഠനം നടത്തി കണ്ടൽവന വിസ്തൃതി സമയബന്ധിതമായി നിർണ്ണയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി റിസർവ്വുകളായി പ്രഖ്യാപിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക;

(ബി) നോട്ടിഫൈ ചെയ്തിട്ടുള്ള സർക്കാർ-സ്വകാര്യ ഭൂമിയിലുള്ള കണ്ടൽകാടുകൾ വെട്ടിനശിപ്പിക്കാതെ സ്ഥല-വിഭവ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും ബയോഡൈവേഴ്സിറ്റി പാർക്ക്, മത്സ്യ കൃഷി, ടൂറിസം മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുക;

(സി) കണ്ടൽവനത്തിന്റെ ആവശ്യകത പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തികൊടുക്കുകയും പൊതുജന പങ്കാളിത്തത്തോടെ കണ്ടൽവനം സംരക്ഷിക്കുകയും വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുമുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക;

(ഡി) കണ്ടൽവനം വച്ചുപിടിപ്പിക്കുന്നതിലും സംരക്ഷിക്കുന്നതിലും തൽപ്പരരായ വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക;

(ഇ) വികസനാവശ്യത്തിന് കണ്ടൽവനം മുറിച്ചുമാറ്റാൻ ഇടയായാൽ പകരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതടക്കമുള്ള പദ്ധതികൾ ആവിഷ്കരിച്ച് രൂപീകരിക്കുക;

(എഫ്) കണ്ടൽവനങ്ങളിൽ ഖരമാലിന്യ നിക്ഷേപം നടത്തുന്നതും ഫാക്ടറികൾ, പൊതുസ്ഥാപനങ്ങൾ എന്നിവയിലെ മാലിന്യങ്ങളും മലിനജലവും ഒഴുക്കിവിടുന്നതും തടയുക;

(ജി) ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ ഓരോ കണ്ടൽവനങ്ങളോടനുബന്ധിച്ച് ജനപ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജനകീയ കമ്മിറ്റികൾ രൂപീകരിക്കാവുന്നതും അങ്ങനെ രൂപീകരിക്കുന്ന കമ്മിറ്റികളുടെ അധികാരവും കർത്തവ്യങ്ങളും ബോർഡിന്റെ പരിപൂർണ്ണ നിയന്ത്രണത്തിന് വിധേയമായിരിക്കേണ്ടതുമാണ്;

(എച്ച്) കണ്ടൽവനങ്ങളിൽനിന്നും ലഭിക്കുന്ന വിഭവങ്ങളുടെ ശേഖരണവും ഉപയോഗവും അനുവദിക്കുന്നതോടൊപ്പംതന്നെ അവയുടെ അമിതോപയോഗം തടയുകയും ചെയ്യുക;

(ഐ) സംസ്ഥാനത്തെ തീരപ്രദേശങ്ങൾ കണ്ടൽവനങ്ങളാൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക;

(ജെ) കാലാവസ്ഥാ വ്യതിയാനത്തിനും, ആഗോളതാപനത്തിന്റെ ഗതിവിഗതികൾക്കുമനുസരിച്ച് കണ്ടൽവനങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുഴുവൻ ജനങ്ങളെയും ബോധ്യപ്പെടുത്തുന്നതിനായി ആധുനിക സാങ്കേതികവിദ്യയിലൂടെ പ്രചരണം സംഘടിപ്പിക്കുകയും പരിശീലനം നടത്തുകയും ചെയ്യുക;

(കെ) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് ബോർഡിന്റെ ആസ്ഥാനം പ്രവർത്തിക്കേണ്ടതാണ്.

5. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ.—ഈ ആക്റ്റുപ്രകാരം സർക്കാരിന് അതോറിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് അതോറിറ്റിയെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയെയും, ആവശ്യമെങ്കിൽ അവർ കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോഴോ (ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനത്തിലോ പെടാം) ആദ്യം വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭാ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ 4200-ലധികം ഹെക്ടറുകളിലായി വ്യാപിച്ചുകിടക്കുന്നതും നദികളും കടലും ഒന്നിച്ചുചേരുന്ന അഴിമുഖത്തിന് സമീപത്തുള്ള തീരങ്ങളിലും ലവണാംശമുള്ള ചതുപ്പുപ്രദേശങ്ങളിലും പുഴകളുടെയും തീരങ്ങളിൽ കണ്ടുവരുന്നതുമായ നിത്യഹരിത വനങ്ങളായ കണ്ടൽവനങ്ങൾ പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. അപൂർവ്വ ജലജീവികളുടെ ആവാസ കേന്ദ്രവും അന്യംനിന്നുപോകുന്ന നിരവധി ജീവജാലങ്ങളുടെയും അഭയകേന്ദ്രവുമാണിത്. പ്രകൃതിയെ പോഷകസമൃദ്ധമാക്കി



നിർത്തുന്ന കണ്ടൽവനങ്ങളിലെ ചെളിപ്രദേശങ്ങളിൽ കാണുന്ന സൂക്ഷ്മജീവികൾ വളരെയധികം നൈട്രജൻ ഉത്പാദിപ്പിക്കുകയും ഹരിത ഗൃഹ വാതകങ്ങൾ വലിയതോതിൽ വലിച്ചെടുത്ത് സ്വാംശീകരിക്കുകയും ചെയ്യുന്നുണ്ട്. വിവിധയിനം മത്സ്യവർഗ്ഗങ്ങളുടെയും ഞണ്ടുകളുടെയും പ്രജനനസ്ഥാനവും വെള്ളപ്പൊക്കവും, സുനാമി, കരയിടിച്ചിൽ തുടങ്ങിയവയിൽനിന്നും കരയെ സംരക്ഷിച്ചുനിർത്തുന്നതുമായ പ്രകൃതിദത്തമായ മതിലുകളായ കണ്ടൽവനം ഇന്ന് വ്യാപകമായ തോതിൽ നശിപ്പിക്കപ്പെടുന്നുണ്ട്. കേരളത്തിൽ പത്തുജില്ലകളിലായി പതിനേഴിൽപ്പരം കണ്ടൽ സസ്യവർഗ്ഗങ്ങളാണ് കണ്ടുവരുന്നത്. അതിവേഗം അന്യംനിന്നുപോകുന്ന കണ്ടൽ വനങ്ങളും അനുബന്ധ ജീവജാലങ്ങളും സംരക്ഷിക്കേണ്ടത് പ്രകൃതിയുടെയും മനുഷ്യസമൂഹത്തിന്റെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. സംസ്ഥാനത്ത് ആകെയുള്ള വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള വിവിധ പദ്ധതിക്ക് ചെലവഴിക്കുന്ന തുകയ്ക്ക് പുറമെ ഉദ്ദേശം അമ്പത് ലക്ഷം രൂപയുടെ പ്രാരംഭ ചെലവുകൾ സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനോ റദ്ദാക്കുവാനോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എ. എൻ. ഷംസീർ, എം.എൽ.എ.